**കേരള സർക്കാർ**

സംഗ്രഹം

1976 ലെ കാണം ടെനൻസി അബോളിഷൻ ആക്റ്റ് - കാണാവകാശമായി ഭൂമി കൈവശം വച്ചിരിക്കുന്ന കുടിയാൻമാർക്ക് ജന്മാവകാശവും, പൂർണ്ണമായ ഉടമസ്ഥാവകാശവും ഉറപ്പ് വരുത്തിയിട്ടുള്ളതിനാൽ പ്രത്യേകമായി ക്രയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല എന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ആർ) വകുപ്പ്

സ.ഉ. (സാധാ) നം. 756/2018/റവന്യൂ | തീയതി, തിരുവനന്തപുരം, 05/03/2018.

---

**ഉത്തരവ്**

പഴയ കൊച്ചിൻ ഏര്യായിൽ ഉൾപ്പെട്ടുവരുന്ന പ്രദേശങ്ങളിൽ കാണാവകാശമായി ഭൂമി കൈവശം വച്ചിരിക്കുന്ന കുടിയാന്മാർക്ക് പ്രസ്തുത ഭൂമിയിന്മേൽ പൂർണ്ണമായ ഉടമസ്ഥാവകാശം നൽകുന്നതിന് 1976 ലെ കാണം ടെനൻസി അബോളിഷൻ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നിയമം മൂലം പൂർണ്ണമായ ഉടമസ്ഥാവകാശം ഉറപ്പുവരുത്തിയിട്ടും പ്രസ്തുത ഭൂമി ഉപയോഗപ്പെടുത്തി വായ്പയെടുക്കുന്നതിനും, മറ്റാവശ്യങ്ങൾക്കും ബാങ്കുകളും മറ്റ് സ്ഥാപനങ്ങളും ക്രയസർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ നിർബന്ധിക്കുന്ന സാഹചര്യവും, കാണാവകാശം ജന്മാവകാശമാക്കി മാറ്റുന്നതിനായി ധാരാളം അപേക്ഷകൾ പ്രസ്തുത പ്രദേശങ്ങളിലെ കാണം സെറ്റിൽമെന്റ് ഓഫീസർമാർക്ക് ലഭിക്കുന്ന സാഹചര്യവും നിലവിലുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1976 ലെ കാണം ടെനൻസി അബോളിഷൻ ആക്റ്റ് പ്രകാരം, കാണാവകാശമായി ഭൂമി കൈവശം വച്ചിരിക്കുന്ന എല്ലാ കുടിയാൻമാർക്കും ജന്മാവകാശവും, പൂർണ്ണമായ ഉടമസ്ഥാവകാശവും (proprietary right) ഉറപ്പുവരുത്തിയിട്ടുള്ളതിനാൽ പ്രത്യേകമായി ക്രയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല എന്ന് വ്യക്തമാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പി. എച്ച്. കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം/തൃശ്ശൂർ/പാലക്കാട്
നിയമ വകുപ്പ് (30.01.2018 ലെ 24179/ലെഗ്. ബി2/2017/നിയമം നമ്പർ കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,